**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3055** **13-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മണ്ഡലത്തിലെ മുള്ളേരിയ-നാട്ടക്കല്ല്-അർളപദവ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മണ്ഡലത്തിലെ മുള്ളേരിയ-നാട്ടക്കല്ല്-അർളപദവ് റോഡ് എത്ര കിലോമീറ്റർ ദൈർഘ്യം ഉള്ളതാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസറഗോഡ് മണ്ഡലത്തിൽ ഉൾപ്പെടുന്ന മുള്ളേരിയ - നാട്ടക്കൽ - അർളപ്പദവ് റോഡിന്റെ ആകെ നീളം 11 കി.മീ ആണ്. |
| (ബി) | പ്രസ്തുത റോഡ് അടുത്തകാലത്ത് ബി.എം. & ബി.സി. ഉപയോഗിച്ച് അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കിലോമീറ്റർ നീളത്തിലാണ് അഭിവൃദ്ധിപ്പെടുത്തിയതെന്നും മുഴുവൻ ഭാഗവും ബി.എം. & ബി.സി. ചെയ്തിട്ടില്ലെങ്കിൽ ബാക്കി ഭാഗം എപ്പോൾ ചെയ്യുമെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത റോഡ് കി.മീ 4/100 മുതൽ 8/000 വരെയുള്ള 3.900 കി.മീ ഭാഗം 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ബി.എം-ബി.സി പ്രവൃത്തികൾ ചെയ്ത് നവീകരിച്ചിട്ടുണ്ട്. ബാക്കിവരുന്ന ഭാഗങ്ങൾ കൂടി ഫണ്ട് ലഭ്യതയ്ക്കാനുപാതികമായി ബി.എം - ബി.സി പ്രവൃത്തികൾ ചെയ്ത് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എത്ര രൂപ ചെലവഴിച്ചാണ് പ്രസ്തുത റോഡ് ബി.എം. & ബി.സി. ചെയ്തതെന്നും എസ്റ്റിമേറ്റിൽ ഏതെല്ലാം പ്രവൃത്തികൾ ഉണ്ടായിരുന്നെന്നും നിർമ്മാണം പൂർത്തിയാക്കിയ ഭാഗങ്ങളിൽ ലൈനും റിഫ്ലക്ടറും ഏർപ്പെടുത്താത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ; | (സി) | ബഡ്ജറ്റ് 2017-18 ൽ ഉൾപ്പെടുത്തി 400 ലക്ഷം രൂപ ചെലവഴിച്ചാണ് പ്രസ്തുത റോഡ് കി.മീ 4/100 മുതൽ 8/000 വരെയുള്ള ഭാഗം നവീകരിച്ചിട്ടുള്ളത്. GSB, WMM, BM & BC ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ, കോൺക്രീറ്റ് ഓടകളുടെയും സംരക്ഷണ ഭിത്തികളുടെയും നിർമ്മാണം തുടങ്ങിയവയാണ് പ്രസ്തുത പ്രവൃത്തിയിൽ പ്രധാനമായും ഉൾപ്പെടുത്തിയിരുന്നത്. നിർമ്മാണം പൂർത്തിയാക്കിയ ഭാഗങ്ങളിൽ സാങ്കേതികാനുമതി ലഭ്യമായ എസ്റ്റിമേറ്റ് പ്രകാരമുള്ള ലൈനും, റിഫ്ളക്ടറും അടക്കമുള്ള ട്രാഫിക് സുരക്ഷാ ക്രമീകരണങ്ങൾ പ്രവൃത്തിയുടെ ഭാഗമായി പൂർത്തീകരിച്ചിട്ടുണ്ട്. മെറ്റൽ ബീം, ക്രാഷ് ബാരിയർ അടക്കമുള്ള കൂടുതൽ ട്രാഫിക് സുരക്ഷാക്രമീകരണങ്ങൾ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കരാറുകാരന് പ്രസ്തുത റോഡുമായി ബന്ധപ്പെട്ട പ്രവൃത്തി പൂർത്തീകരിച്ചതിന് പണം നൽകി കഴിഞ്ഞോ എന്ന് വ്യക്തമാക്കാമോ? | (ഡി) | കരാറുകാരന് പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഒന്നാമത്തെയും, രണ്ടാമത്തെയും പാർട്ട് |

| | | | |
|---|---|---|---|
| | | | ബില്ലുകളിലായി 2,54,55,108/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ